DESPATCHED On...28/7/21...

16/7/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 338(1)/2019/SICതീർപ്പു കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**(ഫയൽനമ്പർ: 3660/SIC-G4/2019)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ജൂലൈ 16**

ശ്രീ. സനിൽകുമാർ എസ്.കെ.,
എഞ്ചിനീയറിംഗ് ബ്രാഞ്ച്,
ഡിവിഷണൽ ഓഫീസ്, സതേൺ റെയിൽവേ,
തൈക്കാട് പി.ഒ., തിരുവനന്തപുരം – 14.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
റവന്യു ഓഫീസർ ഗ്രേഡ്-II,
തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസ്,
തിരുവനന്തപുരം.

2) അപ്പീൽഅധികാരി&
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസ്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

## ഉത്തരവ്

27/05/2019-ലെ കമ്മീഷൻ ഉത്തരവിന്റെയും തുടർന്ന് 06.03.2020-ന് പുറപ്പെടുവിച്ച അന്തിമ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ട്, അപ്പീൽ ഹർജിക്കാരൻ 13.8.2020-ന് കമ്മീഷനിൽ ഹാജരാക്കിയ അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇക്കാര്യം പരിശോധിച്ചു അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി നൽകാതിരുന്നതിനാൽ ടിയാനുണ്ടായ കഷ്ടനഷ്ടത്തിന് നഷ്ടപരിഹാരമായി 5000/- (അയ്യായിരം രൂപ മാത്രം) രൂപ ടിയാന് നൽകുവാനുള്ള 6.3.2020-ലെ കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കുവാൻ 19.3.2021-ലെ കത്തു പ്രകാരം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ടി തുക വിവരാവകാശ അപേക്ഷയ്ക്ക് യഥാസമയം

മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ ശ്രീ. ജീവൻ പി., ശ്രീ.ലിജു എൽ.എസ് എന്നിവരിൽ നിന്നും ഈടാക്കിയതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 19.3.2021-ലെ കമ്മീഷൻ കത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് ഹർജിക്കാരനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് പരിഹാരമായി നൽകിയെന്ന് ഒന്നാം എതിർകക്ഷി ഉറപ്പു വരുത്തേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ടിയാന് നൽകുന്നതിന് താമസം വരുത്തിയ റവന്യൂ ഓഫീസർ ഗ്രേഡ്-2, സെക്ഷൻ ക്ലാർക്ക് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി കൈക്കൊണ്ടിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് വിശദീകരണം ആരാഞ്ഞ് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരിയായ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ച് ഇക്കാര്യത്തിൽ ഹർജിയിൽ മറ്റ് നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ ബന്ധപ്പെട്ട ഫയൽ നഷ്ടപ്പെട്ടതിനാൽ നാളിതുവരെ അപ്പീൽ ഹർജിക്കാരന് ആവശ്യപ്പെട്ട രേഖകൾ നൽകുവാൻ കഴിഞ്ഞിട്ടില്ല എന്നത് പരിഗണിച്ച് ടി ഫയൽ റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുവാൻ കഴിയുമോ എന്ന കാര്യം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പ്രത്യേക നിർദ്ദേശം നൽകി പരിശോധിക്കേണ്ടതാണ് എന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിലേയ്ക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി തിരുവനന്തപുരം നഗരസഭാ എൽ.എസ്.ജി.ഡി. വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ജൂലൈ മാസം 16-ാം തീയതി ഉത്തരവാകുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM